## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 382 | 26.04.2017 - ൽ മറുപടിയ്ക്ക് |
|---|---|

### വാറ്റ് കുടിശ്ശിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും എന്തു തുക ലഭിക്കാനുണ്ട്; | (എ) | 31/03/2017 ലെ കണക്കനുസരിച്ച് വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും 5327.54 കോടി രൂപ ലഭിക്കാനുണ്ട്. |
| (ബി) | ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വാറ്റ് കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | ചരക്ക് സേവന നികുതി (ജി.എസ്.ടി) സമ്പ്രദായം നിലവിൽ വരുന്നതിനു മുമ്പ് വാറ്റ് നികുതി സംബന്ധമായ അസ്സസ്സ്മെന്റുകളും റീ അസ്സസ്സ്മെന്റുകളും പൂർത്തീകരിച്ച് പിഴയിലും പലിശയിലും ഇളവ് നൽകി തർക്കങ്ങൾ ഒത്തു തീർക്കുന്നതിന് വിപുലമായൊരു ആംനെസ്റ്റി പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം വാറ്റ് വ്യാപാരികൾക്ക് 2005-06 മുതൽ 2010-11 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശികകൾ പൂർണ്ണമായും അടച്ചു തീർത്താൽ കുടിശ്ശികയുടെ പലിശയും പിഴ തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്യുന്നതാണ്. ഈ കാലയളവിലെ കേന്ദ്ര വില്പന നികുതി പ്രകാരമുള്ള കുടിശ്ശികയും ഈ പദ്ധതിയിൽപ്പെടുത്തി തീർപ്പാക്കാവുന്നതാണ്.<br><br>കെ.ജി.എസ്.ടി പ്രകാരമുള്ള കുടിശ്ശികകൾ തീർക്കുവാനുള്ള ആംനെസ്റ്റി പദ്ധതിയുടെ കാലാവധി 2017 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാർഷികാദായ നികുതി, ആഡംബര നികുതി എന്നിവയിൽ 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴ തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്തുകൊണ്ടുള്ള ആംനെസ്റ്റി പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**